പൊതുവിദ്യാഭ്യാസ വകുപ്പ് (ഹയർ സെക്കൻഡറി വിഭാഗം)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം
സാന്നിധ്യം: രഞ്ജൻരാജ് ആർ പി

സംഗ്രഹം

പൊതുവിദ്യാഭ്യാസവകുപ്പ് – ഹയർസെക്കൻഡറി വിഭാഗം – ജീവനക്കാര്യം- സർക്കാർ ഹയർസെക്കൻഡറി സ്കൂളുകളിൽ **ഹയർസെക്കൻഡറി സ്കൂൾ ടീച്ചർ (ജൂനിയർ) ഇംഗ്ലീഷ്** തസ്തികയിൽ **45600-95600/-** രൂപ ശമ്പള സ്കെയിലിൽ എച്ച്.എസ്.റ്റി/യു.പി.എസ്.റ്റി/എൽ.പി.എസ്.റ്റി, മിനിസ്റ്റീരിയൽ സ്റ്റാഫ് & ലാബ് അസിസ്റ്റന്റ് (ഹയർസെക്കൻഡറി വിഭാഗം) എന്നീ വിഭാഗങ്ങളിൽ നിന്നും തസ്തികമാറ്റം നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

എച്ച്.എസ്.ഇ/10213/2026-എ.ഡി ബി4 **തീയതി:22-05-2026**

പരാമർശം: **1) 16/04/2001** തീയതിയിലെ ജി.ഒ (പി) **144/2001**/പൊ.വി.വ നമ്പർ ഉത്തരവ്

2) 01/12/2015 ലെ സ.ഉ (കൈ) നം. **296/2015** /പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്

3) 26/08/2016 ലെ സ.ഉ (പി) **144/2016**/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്

4) 01/07/2023 തീയതിയിലെ സ.ഉ (പി) **8/2023**/പൊ.വി.വ നമ്പർ ഉത്തരവ്

5) 10/03/2025 തീയതിയിലെ സ.ഉ (അച്ചടി) നം **10/2025**/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്

6)07/05/2025 തീയതിയിലെ ജെഎ **2/132/2025**/പൊ.വി.വ നമ്പർ സർക്കാർ കത്ത്

7) 03/09/2025 തീയതിയിലെ ജെഎ **2/132/2025**/പൊ.വി.വ നമ്പർ സർക്കാർ കത്ത്

8) 01/09/2025 തീയതിയിലെ **Civil Appeal No.1385/2025** മേലുള്ള ബഹു. സുപ്രീം കോടതി ഉത്തരവ്

9) 15/03/2026 തീയതിയിലെ സ.ഉ (കൈ) നം.**80/2026/**പൊ.വി.വ നമ്പർ ഉത്തരവ്

10) 08/05/2026 തീയതിയിലെ **HSE/5592/2025 –AD B2** നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ സീനിയോരിറ്റി ലിസ്റ്റ്

11) OA 2001/2025 നമ്പർ കേസിന്മേലുള്ള **04/02/2026**തീയതിയിലെ ഉത്തരവ്

ഉത്തരവ്

കേരളത്തിലെ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളിലെ മൊത്തം ഹയർസെക്കൻഡറി അധ്യാപക ജൂനിയർ തസ്തികയുടെ **25%** തസ്തികകൾ തസ്തികമാറ്റ നിയമനത്തിനായി സംവരണം ചെയ്തിട്ടുണ്ട്. പരാമർശം **(2),(3)** സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമന ക്വാട്ടയിൽ എച്ച്.എസ്.റ്റി,യു.പി.എസ്.റ്റി/എൽ.പി.എസ്.റ്റി, മിനിസ്റ്റീരിയൽ സ്റ്റാഫ് **&** ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി **70:20:5:5** എന്ന അനുപാതത്തിൽ ക്വാട്ട നിശ്ചയിച്ചുകൊണ്ടും ടി നിയമനങ്ങൾ പി.എസ്.സി മുഖേന നികത്തുന്നതിനും പരാമർശം **(4)** പ്രകാരം ചട്ടം ഭേദഗതി ചെയ്തു ഉത്തരവായിരുന്നു. കൂടാതെ ടി ഉത്തരവിന് **01/01/2016** മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്.

2. എന്നാൽ പ്രസ്തുത ചട്ടഭേദഗതി പ്രകാരം പി.എസ്.സി മുഖേന നിയമനം നടത്തുന്നതിന് നിലവിൽ തടസ്സം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നതിനാൽ ഹയർസെക്കൻഡറി അധ്യാപക നിയമനങ്ങൾ കാലതാമസം കൂടാതെ നടത്തുന്നതിനായി പി.എസ്.സി നിർദ്ദേശിച്ചത് പ്രകാരം ഉള്ള ഭേദഗതി ചട്ടത്തിൽ വരുത്തുന്നതുവരെ , ബഹു. നിയമസഭാ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ **28/12/2020** നു ശേഷമുള്ള എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികമാറ്റ നിയമനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനു പരാമർശം **(5)** ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകി

ഉത്തരവായിട്ടുണ്ട്. കൂടാതെ തസ്തികമാറ്റ നിയമനത്തിനും യോഗ്യരായവർ ഇല്ലാത്തപക്ഷം ടി ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്യുവാനും പരാമർശം (5) പ്രകാരം ഉത്തരവായിട്ടുണ്ട്.

3. പരാമർശം (6) പ്രകാരം 29/12/2020 മുതലുള്ള ഒഴിവുകളിലേയ്ക്ക് നിലവിൽ നിയമനം നൽകി അവസാനിപ്പിച്ച കാറ്റഗറിയുടെ തുടർച്ചയായിട്ട് റൊട്ടേഷൻ തുടരുവാനും പരാമർശം (7) പ്രകാരം 29/12/2020 മുതൽ 01/06/2025 വരെയുള്ള ഒഴിവുകളിലേക്ക് നിയമനം നൽകുവാനും സർക്കാർ നിർദ്ദേശം ലഭ്യമായിട്ടുണ്ട്.

4. പരാമർശം (8) സുപ്രീംകോടതി വിധി പ്രകാരം നിലവിൽ എച്ച്.എസ്.ടി, യു.പി.എസ്.ടി/ എൽ.പി.എസ്.ടി തസ്തികയിൽ തുടരുന്ന അധ്യാപകർക്ക് TET യോഗ്യത നിർബന്ധമാണെന്നും 5 വർഷത്തിൽ കൂടുതൽ സർവ്വീസ് ബാക്കിയുള്ള എന്നാൽ TET യോഗ്യത നേടിയിട്ടില്ലാത്ത അധ്യാപകർക്ക് 2 വർഷത്തിനുള്ളിൽ പ്രസ്തുത യോഗ്യത നേടിയാൽ മതിയെന്നും എന്നാൽ ഈ സമയപരിധിക്കുള്ളിൽ TET യോഗ്യത നേടുന്നതിൽ പരാജയപ്പെട്ടാൽ അവർക്ക് സർവ്വീസിൽ തുടരാൻ അർഹതയുണ്ടായിരിക്കുന്നതല്ല എന്നും, ടി അധ്യാപകർക്ക് പ്രൊമോഷന് പരിഗണിക്കണമെങ്കിൽ TET യോഗ്യത നേടിയിരിക്കണമെന്നും ഉത്തരവായിട്ടുണ്ട്.

5. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ-ടെറ്റ് യോഗ്യത സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി സർവ്വീസിൽ തുടരുന്നതും 01/09/2025 ന് മുൻപ് പ്രൊമോഷൻ/ബൈട്രാൻസ്ഫർ നിയമനത്തിന് അർഹതയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അധ്യാപക - അനധ്യാപക ജീവനക്കാർക്ക് അവർ അതത് കാറ്റഗറിയിലെ കെ-ടെറ്റ് യോഗ്യത 01/09/2025 മുതൽ 2 വർഷത്തിനകം നേടണമെന്ന നിബന്ധനയിൽ താത്കാലിക പ്രൊമോഷൻ/ബൈട്രാൻസ്ഫർ നിയമനം അനുവദിക്കുന്നതിന് അനുമതി നൽകി പരാമർശം (9) പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ താത്കാലിക പ്രൊമോഷൻ/ബൈട്രാൻസ്ഫർ നിയമനം ലഭിച്ചവരുടെ പ്രൊബേഷൻ,ഇൻക്രിമെന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ കെ-ടെറ്റ് യോഗ്യത

നേടിയ ശേഷമേ അനുവദിക്കുകയുള്ളൂ എന്നും നിശ്ചിതസമയ പരിധിക്കകം കെ-ടെറ്റ് യോഗ്യത നേടിയില്ലെങ്കിൽ ഇവരെ പ്രസ്തുത തസ്തികയിൽ നിന്നും **revert** ചെയ്യുന്നതും ഇവർ പ്രസ്തുത കാലയളവിൽ വാങ്ങിയ ആനുകൂല്യങ്ങൾ തിരിച്ചടക്കേണ്ടതുമാണ് എന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ അതത് കാറ്റഗറിയിൽ കെ-ടെറ്റ് ഉള്ളവർക്ക് സ്ഥിരമായി പ്രൊമോഷൻ നൽകാവുന്നതാണെന്നും പരാമർശം **(9)** പ്രകാരം ഉത്തരവായിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ പരാമർശം **(5),(9)** സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരാമർശം **(10)** പ്രകാരം തയ്യാറാക്കിയ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എച്ച്.എസ്.ടി, യു.പി.എസ്.ടി/എൽ.പി.എസ്.ടി, മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർസെക്കന്ററി വിഭാഗം) **&** ലാബ് അസിസ്റ്റന്റ് (ഹയർസെക്കന്ററി വിഭാഗം) എന്നീ വിഭാഗങ്ങൾ ക്ക് **ഹയർസെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) ഇംഗ്ലീഷ്** തസ്തികയിൽ **29/12/2020** മുതൽ **01/06/2025** വരെയുള്ള വർഷാടിസ്ഥാനത്തിലുള്ള ഒഴിവുകളിലേക്ക് പരാമർശം **(3)** ഉത്തരവിലെ റൊട്ടേഷൻ ചാർട്ട് പ്രകാരം അവരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള സ്കൂളുകളിലേക്ക് തസ്തികമാറ്റ നിയമനം നൽകി ഉത്തരവാകുന്നു.

7. നിലവിൽ ടെറ്റ് യോഗ്യത നേടിയ അധ്യാപകർക്ക് സ്ഥിരമായും ആയത് നേടിയിട്ടില്ലാത്ത എച്ച്.എസ്.ടി, യു.പി.എസ്.ടി/എൽ.പി.എസ്.ടി അദ്ധ്യാപകരിൽ പരാമർശം **(9)** സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ **01/09/2025** മുതൽ **2** വർഷത്തിനകം പ്രസ്തുത യോഗ്യത നേടാമെന്ന നിബന്ധനയിൽ ബോണ്ട് / സമ്മതപത്രം സമർപ്പിച്ച വിവിധ വർഷത്തെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട അധ്യാപകർക്ക് താത്കാലികമായും തസ്തികമാറ്റ നിയമനം നൽകി ഉത്തരവാകുന്നു.

8. പരാമർശം **(10)** അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ബോണ്ട് / സമ്മതപത്രം സമർപ്പിക്കാത്ത അധ്യാപകരെ നിയമന നടപടികളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2025 സീനിയോറിറ്റി ലിസ്റ്റ് പ്രകാരം തസ്തികമാറ്റ നിയമനം ലഭ്യമാകുന്നവർ

ക്രമ നം.	സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ	പേര്, ജനന തീയതി പെൻ	നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ/ഓഫീസ്	വിഭാഗം	നിയമനം നൽകുന്ന സ്കൂൾ	റിമാർക്സ്
1	1	Smitha V 25-04-1976 PEN: 288800	GHS Beenachi Wayanadu	HST	12060 - GOVT MRS FOR GIRLS, KALPETTA	താൽക്കാലിക നിയമനം (ഖണ്ഡിക 7 ബാധകം)
2	3	**Sholi.C** **30-05-1974** **PEN:343159**	GMHSS Calicut University Campus Malappuram	HST	11014 - GOVT HSS, KUNNAKKAVU ,MALAPPURAM	താൽക്കാലിക നിയമനം (ഖണ്ഡിക 7 ബാധകം)
3	6	Saphiamol M A 03-04-1978 PEN: 629438	GHS for Girls Perumbavoor Eranakulam	HST	11010 - GOVT BOYS HSS,MANJERY,MALAPPURAM	താൽക്കാലിക നിയമനം (ഖണ്ഡിക 7 ബാധകം)
4	1	Latha K P 13-05-1975 PEN:511502	GMUPS Parakkadavu Malappuram	UPST	11125 - GOVT. HSS, NIRAMARUTHOOR, MALAPPURAM	താൽക്കാലിക നിയമനം (ഖണ്ഡിക 7 ബാധകം)
					11150 -	

5	1	Rajeena V K 05-01-1976 PEN:788133	Directorate of General Education (Higher Secondary Wing)	HSE MINISTERIAL	GOVT. VHSS,KALPAKANCHERRY, MALAPPURAM	താൽക്കാലിക നിയമനം (ഖണ്ഡിക 7 ബാധകം)
6	7	Leya Paul 05-02-1978 PEN:256588	GHSS South Vazhakulam, Aluva	HST	11021 - GOVT HSS,EDAPPAL, MALAPPURAM	താൽക്കാലിക നിയമനം (ഖണ്ഡിക 7 ബാധകം)
7	9	Rasheed K 10-05-1975 PEN: 253581	GHSS Koothuparamba Kannur	HST	12001 - GOVT HSS, KANIYAMBETTA, WAYANAD	താൽക്കാലിക നിയമനം (ഖണ്ഡിക 7 ബാധകം)

9. ബോണ്ട് /സമ്മതപത്രം സമർപ്പിച്ച അധ്യാപകർ 01/09/2027 നു മുൻപായി ടെറ്റ് യോഗ്യത നേടേണ്ടതും ആയത് പ്രിൻസിപ്പൽ മുഖേന ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

10. 2027 നു സർവ്വീസിൽ നിന്നും വിരമിക്കുന്ന അധ്യാപകർ വിരമിക്കൽ തീയതിക്ക് **2** മാസം മുൻപായി തന്നെ നിർബന്ധമായും ടെറ്റ് യോഗ്യത നേടേണ്ടതാണ്. അല്ലാത്തപക്ഷം സർക്കാർ തീരുമാനത്തിന് വിധേയമായി അവരുടെ പഴയ തസ്തികയിലേക്ക് റിവേർട്ട് ചെയ്യുന്നതും കൂടാതെ ടി കാലയളവിൽ മേൽ അധ്യാപകർ ടി തസ്തികയിൽ ലഭിച്ച എല്ലാ ആനുകൂല്യങ്ങളും തിരിച്ചു അടക്കേണ്ടതുമാണ്.

11) നിയമനം ലഭിച്ച അധ്യാപകർ/ജീവനക്കാർ വിദ്യാഭ്യാസ യോഗ്യത **(equivalence** ഉൾപ്പെടെ) തെളിയ്ക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം **2026-2027** അധ്യയന വർഷം സ്കൂൾ തുറന്ന് **7** ദിവസത്തിനകം നിയമനം ലഭിച്ചിട്ടുള്ള, ഓഫീസ് മേലധികാരി മുമ്പാകെ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇവരുടെ നിയമനോത്തരവ് റദ്ദ് ചെയ്യുന്നതുമാണ്. അടുത്ത പൊതുസ്ഥലംമാറ്റത്തിലോ/കോടതി/സർക്കാർ

ഉത്തരവിന്റെ അടിസ്ഥാനത്തിലോ യോഗ്യരായ അധ്യാപകരെ ടി സ്കൂളിൽ നിയമിക്കുന്ന പക്ഷം നിയമനം ലഭിച്ചിട്ടുള്ള അധ്യാപികയെ/അധ്യാപകനെ മറ്റൊരു സ്കൂളിലേക്ക് മാറ്റി നിയമിക്കുന്നതാണ്. ബന്ധപ്പെട്ട പ്രിൻസിപ്പൽ/പ്രിൽസിപ്പലിന്റെ ചുമതല വഹിക്കുന്ന അധ്യാപകർ ഇവരുടെ നിയമനം '**conditional status**' എന്ന് ഈ വകുപ്പിന്റെ വെബ് സൈറ്റായ **dhsetransfer.kerala.gov.in** ൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ടി അധ്യാപകർക്ക് ജോയിനിംഗ് ടൈം എക്സ്റ്റൻഷൻ, സ്കൂൾമാറ്റം എന്നിവ അനുവദിക്കുന്നതല്ല.

ജോലിയിൽ പ്രവേശിപ്പിക്കുന്ന പ്രിൻസിപ്പൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കണ്ടേതാണ്.

- അധ്യാപകരെ/ ജീവനക്കാരെ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പായി ജനന തീയതി, വിദ്യാഭ്യാസ യോഗ്യത മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധിക്കേണ്ടതാണ്.

- നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ ഉത്തരവ് പരിശോധിക്കേണ്ടതാണ്.

- **നിലവിൽ കെ- ടെറ്റ് യോഗ്യത നേടാത്ത അധ്യാപകരുടെ നിയമന ഉത്തരവിനൊപ്പം ലഭിക്കുന്ന ബോണ്ട് / സമ്മതപത്രം പരിശോധിച്ച് ആയത് ടി അധ്യാപകരുടെ സേവനപുസ്തകത്തിൽ പതിക്കേണ്ടതാണ്.**

- അധ്യാപകരെ/ ജീവനക്കാരെ ജോലിയിൽ പ്രവേശിപ്പിച്ചതിനുശേഷം ആയത് **dhse.ker@gmail.com** ഇമെയിൽ ഐഡിയിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതും, പ്രസ്തുത വിവരം വകുപ്പിന്റെ വെബ് സൈറ്റിൽ അതേ ദിവസം തന്നെ അപ് ലോഡ് ചെയ്യേണ്ടതുമാണ്.

- അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ അധ്യാപകർ/ജീവനക്കാർ ജോലിയിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ പ്രസ്തുത വിവരം ഉടൻ തന്നെ **dhse.ker@gmail.com** ഇമെയിൽ ഐഡിയിലേക്ക് റിപ്പോർട്ട്

ചെയ്യേണ്ടതാണ്.

- ജോലിയിൽ പ്രവേശിക്കാൻ അനുവദിച്ചിരിക്കുന്ന സമയപരിധി കഴിഞ്ഞ ശേഷം യാതൊരു കാരണവശാലും അദ്ധ്യാപകരെ/ ജീവനക്കാരെ ജോലിയിൽ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല.

12) എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്ക് നിയമനം ലഭിച്ച അദ്ധ്യാപകർ/ജീവനക്കാർ ടി തസ്തികയിൽ തുടരാൻ യോഗ്യരല്ലായെന്ന് തുടർ പരിശോധനയിൽ ബോധ്യപ്പെടുന്നപക്ഷം മറ്റൊരറിയിപ്പ് കൂടാതെ ടി അദ്ധ്യാപരെ/ജീവനക്കാരെ അവരുടെ പഴയ ലാവണത്തിലേക്ക് **റിവേർട്ട്** ചെയ്യുന്നതാണ്.

13) ബി.എഡ് യോഗ്യത നേടിയിട്ടില്ലാത്ത അദ്ധ്യാപകർ/ജീവനക്കാർ സ്പെഷ്യൽ റൂൾസിലെ നിബന്ധനകൾക്ക് വിധേയമായി സമയബന്ധിതമായി ബി.എഡ് യോഗ്യത നേടേണ്ടതാണ്.

14). *OA 2001/2025, എന്ന നമ്പർ കേസിലെയും കൂടാതെ തസ്തിക മാറ്റ നിയമനവുമായി ബന്ധപ്പെട്ടു ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലവിലുള്ള വിവിധ നമ്പർ കേസുകളിലെ അന്തിമവിധികൾക്കും വിധേയമായി ഈ നിയമന ഉത്തരവ് പുനഃപരിശോധിച്ച്, ആവശ്യമെങ്കിൽ ഇപ്രകാരം തസ്തികമാറ്റ നിയമനം ലഭിച്ചവരെ അവർ ഇപ്പോൾ ജോലി നോക്കുന്ന തസ്തികകളിലേക്ക് റിവേർട്ട് ചെയ്യുന്നതാണ് .*

15) പരാമർശം **(11)** ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

Digitally signed by
RANJAN RAJ R P
Date: 22-05-2026
17:53:55

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:- **1.** ബന്ധപ്പെട്ട വ്യക്തികൾക്ക്

ബന്ധപ്പെട്ട പ്രിൻസിപ്പാൾ, ഡി.ഇ.ഒ/ എ.ഇ.ഒ/എച്ച്.എം,
2. ആർ.ഡി.ഡി

3. സി എ ടു പൊതുവിദ്യാഭ്യാസ ഡയറക്ടർ

4 സി എ ടു സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (ഹയർ സെക്കൻഡറി വിഭാഗം)

5 ബന്ധപ്പെട്ട ട്രഷറി ഓഫീസർ